# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

06.06.2018-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :*88

## ആദിവാസികൾക്ക് വനവിഭവങ്ങളിലുള്ള അവകാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ചിറ്റയം ഗോപകുമാർ<br>,, എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് ചെറുകിട വനവിഭവങ്ങളിലുള്ള അവകാശം അനുവദിച്ച് സാമൂഹികാവകാശരേഖ നല്കുന്ന നടപടി പൂർത്തിയായോ; വിശദമാക്കാമോ;** | എ) വനത്തിനുള്ളിലുള്ള ആദിവാസികൾക്ക് സാമൂഹികാവകാശം കൽപ്പിച്ചുനൽകുന്ന നടപടി പൂർത്തിയായിട്ടില്ല. സംസ്ഥാന തലത്തിൽ ആകെ ലഭിച്ച 978 അപേക്ഷകളിൽ 345 എണ്ണം ജില്ലാതല കമ്മിറ്റി (DLC) അംഗീകരിക്കുകയും അതിൽ 164 എണ്ണത്തിൽ സാമൂഹികാവകാശ രേഖ നൽകുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള അപേക്ഷകളിൽ വിവധ തലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു. അവകാശം ഉന്നയിച്ചിട്ടുള്ള വനപ്രദേശത്തിന്റെ സർവ്വേ മാപ്പ് തയ്യാറാക്കുന്നതിലുള്ള കാലതാമസവും , ഒരേ വനപ്രദേശത്ത് ഒന്നിലധികം ആദിവാസി ഊരുകളുടെ അവകാശത്തിനുള്ള ആവശ്യവുമാണ് നടപടി വൈകാൻ കാരണമാകുന്നത്. നടപടികൾ ത്വരിതപ്പെടുത്തി രേഖകൾ നൽകുന്ന നടപടി പൂർത്തീകരിക്കാൻ എല്ലാ കൺസർവേറ്റർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) **വനവിഭവങ്ങൾ മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്ന വനശ്രീ സംവിധാനം കാര്യക്ഷമമാണോ; ആയത് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;** | ബി) വനശ്രീ സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആയത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) **തലമുറകളായി ആദിവാസികൾ നട്ടു വളർത്തിയതോ പരിപാലിച്ചു വരുന്നതോ ആയ ആഞ്ഞിലി, പ്ലാവ്** | സി) പട്ടികവർഗ്ഗ സെറ്റിൽമെന്റിൽ നിന്നും ആഞ്ഞിലിയും പ്ലാവും മുറിയ്ക്കാൻ |

തുടങ്ങിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള അനുവാദം അവർക്ക് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാർക്ക് അനുമതി നൽകിക്കൊണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ സഹിതം 27.05.2017 ൽ ജി.ഒ.(എം.എസ്.) 28/2017/വനം ആയി സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 21.12.2017 ൽ WP(C) 21051/2016 അടക്കം 10 കേസുകളിൽ ഹൈക്കോടതി പൊതുവായി പുറപ്പെടുവിച്ച ഉത്തരവിൽ 1980 ലെ വന (സംരക്ഷണ) നിയമത്തിലെ നിയന്ത്രണങ്ങൾക്കു വിരുദ്ധമായി , കൈവശ രേഖയുടെ അടിസ്ഥാനത്തിൽ വനത്തിൽ താമസിക്കുന്നവർക്ക് മരങ്ങൾ മുറിച്ചു നീക്കം ചെയ്യാൻ കഴിയില്ലെന്നും , 1980 ലെ നിയമത്തിനു വിരുദ്ധമായി കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏതെങ്കിലും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന് നിയമ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ലെന്നും , അത്തരം ഉത്തരവുകൾ സർക്കാർ പിൻവലിക്കണമെന്നും, എന്നാൽ വനാവകാശ നിയമപ്രകാരം കൈവശ രേഖ ലഭിച്ചവർ അവരുടെ ഉപജീവനമാർഗ്ഗം എന്ന നിലയ്ക്ക് സ്വന്തമായി കൃഷിചെയ്തുണ്ടാക്കിയതോ , നട്ടതോ ആയ മരങ്ങൾ മുറിക്കുന്നതിന് അനുവദിക്കാവുന്നതാണെന്നും , കൈവശക്കാർക്ക് അപകടകരമായി നിൽക്കുന്ന മരങ്ങളും മുറിയ്ക്കാൻ അനുവദിയ്ക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് വനാവകാശ നിയമ പ്രകാരം കൈവശ രേഖ ലഭിച്ച് ആദിവാസികൾ നട്ടുവളർത്തിയ വൃക്ഷങ്ങളും അപകടകരമായി നിൽക്കുന്ന മരങ്ങളും മുറിയ്ക്കുന്നതിനേ നിയമ പ്രാബല്യമുള്ളൂ. കൈവശ രേഖ ലഭിച്ച ഭൂമിയിൽ സ്വാഭാവികമായി നിൽക്കുന്ന മരങ്ങൾ മുറിയ്ക്കുന്നത് നിയമവിരുദ്ധമാണ്.

സെക്ഷൻ ഓഫീസർ